# കേരള സർവകലാശാല

നം.പി.ആർ.163/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റിവച്ചു

സി.എസ്.എസ് പഠന വകുപ്പുകളിൽ ജൂലൈ 20 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബിരുദാനന്തരബിരുദ പരീക്ഷകൾ മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ പരീക്ഷാ തീയതി പിന്നാലെ അറിയിക്കുന്നതാണ്.

ജൂലൈ 20 ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ ഫൈവ് ഇയർ ഇന്റഗ്രേറ്റഡ് എം.ബി.എ/ബി.എം.എം.എ.എം ഡിഗ്രി പരീക്ഷ ജൂലൈ 23 ലേക്കും, രണ്ടാം സെമസ്റ്റർ എം.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ്) പരീക്ഷ ജൂലൈ 25 ലേക്കും, നാലാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം(സി.ബി.സി.എസ്.എസ്, കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകൾ ആഗസ്റ്റ് 2 ലേക്കും മാറ്റിയിരിക്കുന്നു. പരീക്ഷാ കേന്ദ്രങ്ങൾക്ക് മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പുതുക്കിയ പരീക്ഷാ തീയതി

2018 ജൂലൈ 16 ന് നടത്താനിരുന്ന എല്ലാ പരീക്ഷകളും ജൂലൈ 21 ന് നടത്തുന്നതാണ്. പരീക്ഷാ കേന്ദ്രങ്ങൾക്കും സമയക്രമത്തിനും മാറ്റമില്ല.

### ആരോഗ്യ ഇൻഷ്വറൻസ് തീയതി നീട്ടി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി പെൻഷൻകാർ വിവരങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 24 വരെ നീട്ടിയിരിക്കുന്നു.

### അഭിമുഖം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ നടത്തുന്ന സായാഹ്ന കോഴ്സായ PGDEC - 2018-2019 ബാച്ചിലേയ്ക്കുള്ള അഭിമുഖം ജൂലൈ 25 ന് രാവിലെ 10 മണിക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിന്റെ ഓഫീസിൽ വച്ചു നടത്തുന്നതാണ്. അതിലേയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് മെമ്മോ അയച്ചിട്ടുണ്ട്. എന്തെങ്കിലും കാരണത്താൽ ഈ വിദ്യാർത്ഥികൾക്ക് ജൂലൈ 23 നകം മെമ്മോ കിട്ടിയിലെങ്കിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിന്റെ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ നമ്പർ.0471-2386325.

## പരീക്ഷാഫലം

2017 ഒക്ടോബറിൽ നടന്ന നാലാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം) (2014 സ്കീം – റെഗുലർ ആന്റ് സപ്ലിമെന്ററി, 2006 & 2011 സ്കീം – സപ്ലിമെന്ററി ) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനുള്ള അവ സാന തീയതി ആഗസ്റ്റ് 8.

2017 ഡിസംബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.വോക് ഡിഗ്രി പ്രോഗ്രാം ഇൻ ടൂറിസം & ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് കോഴ്സിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യ നിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കാനുള്ള അവ സാന തീയതി ആഗസ്റ്റ് 8. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ സംസ്കൃതം ജനറൽ, സംസ്കൃതം സ്പെഷ്യൽ, തമിഴ്, ഹിന്ദി, അറബിക്, ഹിസ്റ്ററി, ഇസ്ലാമിക് ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസസ്, മലയാളം, ഫിലോസഫി, ബിസിനസ് ഇക്കണോമിക്സ്, സോഷ്യോളജി, പബ്ലിക് അഡ്മിനിസ്ട്രേ ഷൻ, ഹ്യൂമൻ റിസോഴ്സസ് മാനേജ്മെന്റ്, എം.എസ്.സി ജോഗ്രഫി, ജിയോളജി, എൻവയോൺമെന്റൽ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ്, പോളിമർ കെമിസ്ട്രി, കംപ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ്, ബയോഇൻഫോർമാറ്റിക്സ്, മൈക്രോബയോളജി, മ്യൂസിക്, കൗൺസലിംഗ് സൈക്കോളജി, സൈക്കോളജി, ബോട്ടണി, സുവോളജി, ഹോം സയൻസ്, എം.എസ്.ഡബ്യൂ, എം.പി.എ, എം.എം.സി.ജെ എന്നീ പരീക്ഷളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

ജൂലൈ 2017 ന് നടത്തിയ ബി.എ (സി.ബി.സി.എസ്.എസ്) രണ്ടാം സെമസ്റ്റർ പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കുവേണ്ടി ഓൺലൈനായും ഓഫ്ലൈനായും അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി ഇ.ജെ. V സെക്ഷനിൽ (റീവാല്യുവേഷൻ) ജൂലൈ 20 മുതൽ 31 വരെയുള്ള പ്രവർത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## ടൈംടേബിൾ

മൂന്നാം സെമസ്റ്റർ എം.ബി.എ (2014 സ്കീം ഫുൾ ടൈം റഗുലർ/യു.ഐ.എം) പരീക്ഷ ജൂലൈ 25 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## ദേശീയ സെമിനാർ
## 'മനുഷ്യാവകാശങ്ങൾ ധ്വംസിക്കപ്പെടുമ്പോഴാണ് പരിരക്ഷ പ്രസക്തമാകുന്നത്'

ദേശീയ മനുഷ്യാവകാശ കമ്മീഷനും കേരളാ സർവ്വകലാശാല വിദ്യാഭ്യാസ വകുപ്പും സംയുക്തമായി ജൂലൈ 19–20 ത് തീയതികളിൽ 'ഇരുപത്തൊന്നാം നൂറ്റാണ്ട് അഭിമുഖീകരി ക്കുന്ന മനുഷ്യാവകാശ പ്രതിസന്ധികളും, സുസ്ഥിര വികസന ലക്ഷ്യങ്ങളും' എന്ന വിഷയ ത്തിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു. കേരളാ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഇൻ ചാർജായ ഡോ.സി.ഗണേശ് അദ്ധ്യക്ഷനായ സെമിനാർ ദേശീയ മനുഷ്യാവകാശ കമ്മീഷൻ അംഗം ശ്രീമതി.ജ്യോതിക കൽറ ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ വകുപ്പ് മേധാവി ഡോ. ബിന്ദു ആർ.എൽ സ്വാഗത പ്രസംഗം നിർവഹിച്ചു. ദേശീയ മനുഷ്യാവകാശ കമ്മീഷൻ സെക്ര ട്ടറി ജനറൽ ശ്രീ.അംബുജ് ശർമ്മ IAS ,ദേശീയ മനുഷ്യാവകാശ കമ്മീഷൻ അസിസ്റ്റന്റ് ഡയറ ക്ടർ ഡോ.എസ്.കെ ശുക്ല എന്നിവർ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ലക്ഷ്യങ്ങളും

പ്രവർത്തനങ്ങളും വിശദീകരിച്ചു. മനുഷ്യാവകാശങ്ങളുടെ പരിരക്ഷയും അതിനുപയുക്തമായ പ്രവർത്തനങ്ങളുടെ ആവശ്യകതയും പ്രമുഖർ ഊന്നിപറഞ്ഞു. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഡെപ്യൂട്ടി ഡയറക്ടർ (എം.&സി), ശ്രീ.ജയ്മിനി കുമാർ ശ്രീവാസ്തവ നന്ദി പ്രകാശിപ്പിച്ചു.

തിരുവനന്തപുരം.
19.07.2018



പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098